**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ബൈന്റർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 29.09.2018 തീയതിയിൽ മരണപ്പെട്ട വി രാജേഷ് കുമാറിന്റെ ഭാര്യ ശ്രീമതി. രശ്മി എം -ജില്ലാ മാറ്റ നിയമനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്**

**സ.ഉ(കൈ)നം. 74/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 12/05/2020**

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ.
2. 01/11/2019 തീയതിയിലെ സ.ഉ.(കൈ) നം.136/2019/ത.സ.ഭ.വ
3. മുഖ്യ നഗരാസൂത്രകന്റെ 27.11.2019 തീയതിയിലെ TCPCTP/372/19-A2 നമ്പർ കത്ത്.
4. ശ്രീമതി. രശ്മി എം ന്റെ 11.11.2019 തീയതിയിലെ കത്ത്.

**<u>ഉത്തരവ്</u>**

മുഖ്യ നഗരാസൂത്രകന്റെ കാര്യാലയത്തിൽ ബൈന്റർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 29.09.2018 തീയതിയിൽ മരണപ്പെട്ട വി രാജേഷ് കുമാറിന്റെ ഭാര്യ ശ്രീമതി. രശ്മി എം ന് പരാമർശം 2 ലെ ഉത്തരവ് പ്രകാരം എൽ ഡി ക്ലാർക്ക് തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എന്നാൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനത്തിനായി മാറ്റിവെച്ച ഒഴിവ് മലപ്പുറം ജില്ലയിൽ ഉണ്ടായിട്ടുള്ളതെന്ന് മുഖ്യ നഗരാസൂത്രക പരാമർശം 3 പ്രകാരം അറിയിക്കുകയുണ്ടായി.കൂടാതെ നിലവിൽ ഒഴിവുള്ള ജില്ലയിൽ ജോലിയിൽ പ്രവേശിക്കുവാൻ സമ്മതമാണെന്ന് ശ്രീമതി രശ്മി എം പരാമർശം 4 അറിയിച്ചിട്ടുണ്ട് .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ ഒഴിവു വരുന്നമുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടി ജില്ലയിലേയ്ക്ക് മാറ്റം നല്കാവുന്നതാണ് എന്ന വ്യവസ്ഥയിൽ നിലവിൽ ഒഴിവുള്ള മലപ്പുറം ജില്ലയിൽ ശ്രീമതി.

രശ്മി എം ന് എൽ ഡി ക്ലാർക്ക് തസ്തികയിൽ പരാമർശം 1 ലെ ഉത്തരവിന് വിധേയമായി നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സജൻ സി വി ഐ എ എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്:

മുഖ്യ നഗരാസൂത്രക, തിരുവനന്തപുരം.

ശ്രീമതി രശ്മി എം ,ശ്രീരാഗം,കീഴമ്മാകം,വ്ലാത്താങ്കര പി ഒ
തിരുനന്തപുരം - 695134

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ